LIBRARY ARCHIVES Kerala Legislative Assembly

കണ്ടക്ടർമാർക്ക് ഐഡന്റിറ്റി കാർഡ് നൽകുവാൻ നടപടി

129 [583] ശ്രീ. കെ. എൻ. എ. ഖാദർ:

" പി. കെ. കെ. ബാവ:

" യു. സി. രാമൻ:

" കളത്തിൽ അബ്ദുള്ള:

" കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പി.എസ്.സി. കണ്ടക്ടർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും കണ്ടക്ടർ ജോലിക്ക് എം.പാനൽ വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര പേരെ ജോലിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്;

(ബി) തെരഞ്ഞെടുക്കപ്പെട്ട കണ്ടക്ടർമാരുടെ ലിസ്റ്റിൽ നിന്നും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള കണ്ടക്ടർമാർക്ക് ഐഡന്റിറ്റി കാർഡ് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്; പി.എസ്.സി. ലിസ്റ്റിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്നവരെയെങ്കിലും സ്റ്റാഫായി അംഗീകരിച്ച് ഐഡന്റിറ്റി കാർഡ് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇത് എന്നു മുതൽ നൽകുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഈ ഗ്രേഡിന് നിശ്ചയിച്ചിരിക്കുന്ന ദിവസക്കൂലി എത്രയാണ്;

(എഫ്) പ്രസ്തുത ദിവസക്കൂലി മേൽപ്പറഞ്ഞ കണ്ടക്ടർമാർക്കും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്നുമുതൽ ഇവർക്കും ഈ കൂലി ലഭ്യമാക്കി തുടങ്ങും എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.പി.എസ്.സി. കണ്ടക്ടർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ നിന്നും 2010 പേരെ സ്ഥിരം ഒഴിവിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. കൂടാതെ 5,000 പേരെ എംപാനൽ ചെയ്തിട്ടുണ്ട്.

(ബി, സി ആന്റ് ഡി) കെ.പി.എസ്.സി. ലിസ്റ്റിൽ നിന്നും എം. പാനൽ വ്യവസ്ഥയിൽ നിയമിച്ച കണ്ടക്ടർമാർക്ക് ഐഡന്റിറ്റി കാർഡ് നൽകാറില്ല. 20 ഡ്യൂട്ടി ഒരു മാസം ചെയ്യുന്നവർക്ക് ഡ്യൂട്ടി ചെക്ക് പാസ് നൽകാറുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമല്ല.

(എഫ്) കെ.എസ്.ആർ.ടി.സി.-യിൽ അഡ്വൈസ് ചെയ്ത പി.എസ്.സി. കണ്ടക്ടർമാർക്ക് ഒരു ഡ്യൂട്ടിയ്ക്ക് 110 രൂപയും അഡ്വൈസ് ചെയ്യാതെ പി.എസ്.സി.-യിൽ നിന്നും നൽകിയ ലിസ്റ്റിൽ നിന്നും എംപാനൽ ചെയ്തവർക്ക് ഡ്യൂട്ടിയ്ക്ക് 100 രൂപ ക്രമത്തിലും നൽകിവരുന്നു.